ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.02.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ഇന്ത്യ-എഐ ഇംപാക്ട് എക്സ്പോയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ നിർവഹിച്ചു. മാനവ പുരോഗതിയ്ക്കായി നിർമിത ബുദ്ധി പ്രയോജനപ്പെടുത്തുകയാണ് ഉച്ചകോടിയുടെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി

   **Prime Minister Narendra Modi today inaugurated the India AI Impact Expo at Bharat Mandapam in New Delhi. PM said that the Summit reflects the country's shared commitment to harnessing Artificial Intelligence for human-centric progress.**

2) പുതിയ സാങ്കേതിക വിദ്യകളെ ആത്മവിശ്വാസത്തോടെ സ്വീകരിക്കുന്ന രാജ്യമാണ് ഇന്ത്യയെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Electronics and Information Technology Minister Ashwini Vaishnaw today said that India's creator economy is rapidly growing and adapting to new technologies and new ways of working.**

3) ശബരിമല യുവതി പ്രവേശന വിഷയത്തിലെ പുനഃപരിശോധനാ ഹർജികളിൽ ഏപ്രിൽ 7 മുതൽ സുപ്രീം കോടതിയുടെ 9 അംഗ ബെഞ്ച് വാദം കേൾക്കും.

**Supreme Court 9-Judge Bench To Hear Sabarimala Reference Issues From April 7.**

4) തദ്ദേശീയ സംവിധാനങ്ങളിലൂടെ പ്രതിരോധ ശേഷിയിൽ ഇന്ത്യൻ സായുധ സേന സ്വയംപര്യാപ്തത പ്രകടമാക്കിയതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

**Defence Minister Rajnath Singh today said that the Armed Forces had demonstrated growing self-reliance in defence capabilities with the use of indigenous communication systems, surveillance equipment and weapons.**

5) സംസ്ഥാനത്ത് ഈ മാസത്തെ സാമൂഹ്യ സുരക്ഷ, ക്ഷേമനിധി പെൻഷനുകൾ 25 മുതൽ വിതരണം ചെയ്യും

**Kerala Government will begin the distribution of this month's social security and welfare pensions from February 25th.**

6) ഐ.സി.സി ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇറ്റലിയെ പരാജയപ്പെടുത്തി ഇംഗ്ലണ്ട്. .

**In Men's T20 Cricket World Cup England defeated Italy by 24 runs**

❁❁❁❁❁❁❁❁❁❁❁❁❁

## INDIA AI IMPACT

ഇന്ത്യ-എഐ ഇംപാക്ട് ഉച്ചകോടിയ്ക്ക് ന്യൂഡൽഹിയിൽ തുടക്കമായി. ഉച്ചകോടിയുടെ ഭാഗമായ ഇന്ത്യ എഐ ഇംപാക്ട് എക്സ്പോ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. എക്സ്പോ വിശദമായി വീക്ഷിച്ച പ്രധാനമന്ത്രി പ്രദർശനത്തിൽ പങ്കെടുത്തവരുമായി സംവദിച്ചു. ആഗോള നിർമിത ബുദ്ധി രംഗത്ത് ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണ് ഭാരത് മണ്ഡപത്തിൽ നടക്കുന്ന അഞ്ച് ദിവസത്തെ ഉച്ചകോടി. ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോൺ, ബ്രസീൽ പ്രസിഡൻറ് ലുല ഡ സിൽവ, സ്പെയിൻ പ്രസിഡൻറ് പെദ്രോ സാഞ്ചോസ് തുടങ്ങി 20 ലേറെ ലോകനേതാക്കൾ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്. 45 രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിതല സംഘങ്ങളും പരിപാടിയിൽ അണിനിരക്കുന്നു. ഇന്ത്യയുടെ വികസന യാത്രയിൽ നിർമിത ബുദ്ധിയ്ക്കുള്ള പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടാണ് ഉച്ചകോടി സംഘടിപ്പിച്ചിരിക്കുന്നത്. എഐ ഇംപാക്ട് ഉച്ചകോടിയ്ക്കായി ലോകമെമ്പാടുമുള്ള ജനങ്ങൾ ഇന്ത്യയിലേക്ക് എത്തുന്നത് രാജ്യത്തിന് അഭിമാനം പകരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. മാനവ പുരോഗതിയ്ക്കായി നിർമിത ബുദ്ധി

പ്രയോജനപ്പെടുത്തുന്നതിൽ രാജ്യത്തിൻറെ പ്രതിജ്ഞാബദ്ധത ഉച്ചകോടിയിലൂടെ വ്യക്തമാകുന്നതായും അദ്ദേഹം വ്യക്തമാക്കി. 13 രാജ്യങ്ങളുടെ പവലിയനുകളാണ് - ഇന്ത്യ-എഐ ഇംപാക്ട് എക്സ്പോയിലുള്ളത്. രാജ്യത്തിൻറെ സാങ്കേതിക ശേഷി വിശദീകരിക്കുന്ന പ്രത്യേക പവലിയൻ വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം ഉച്ചകോടിയിൽ ഒരുക്കിയിട്ടുണ്ട്. തൊഴിൽ സാധ്യത, റോഡ് സുരക്ഷ, കൃഷി എന്നിവയിലെ എഐ സാധ്യതകൾ, ഇന്ത്യ എഐ മിഷൻ തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള ചർച്ചകളാണ് ഉച്ചകോടിയിൽ ഇന്ന് നടന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**VAISHNAW – AI IMPACT SUMMIT(INTRO)**

രാജ്യത്തെ അതിവേഗം വളരുന്ന ക്രിയേറ്റർ സമ്പദ്‌വ്യവസ്ഥയ്ക്ക് പിന്നിൽ ശക്തമായ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളും, ഡിജിറ്റൽ വൈദഗ്ധ്യമുള്ള ജനതയും ആണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. AI ഇംപാക്ട് ഉച്ചകോടിയോട് അനുബന്ധിച്ചുള്ള ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷി, കാലാവസ്ഥാ പ്രവചനം, തുടങ്ങി വിവിധ മേഖലകളിൽ നിർമിത ബുദ്ധിയുടെ പരിവർത്തനാത്മക സ്വാധീനം ചൂണ്ടിക്കാട്ടിയ കേന്ദ്ര മന്ത്രി, പുതിയ സാങ്കേതിക വിദ്യകളെ ആത്മവിശ്വാസത്തോടെ സ്വീകരിക്കുന്ന രാജ്യമാണ് ഇന്ത്യയെന്നും പറഞ്ഞു

(ഹോൾഡ് വോയിസ്)

സാങ്കേതികവിദ്യയുടെ അപകടസാധ്യതകൾ ചൂണ്ടിക്കാട്ടിയ ശ്രീ വൈഷ്ണവ് സന്തുലിതവും ഉത്തരവാദിത്തമുള്ളതുമായ AI രൂപപ്പെടുത്തുന്നതിൽ ഇന്ത്യ നേതൃപരമായ പങ്ക് വഹിക്കുന്നതായും അഭിപ്രായപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

**RAJNATH–DRDO**

തദ്ദേശീയ ആശയവിനിമയ സംവിധാനങ്ങൾ, നിരീക്ഷണ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവയുടെ ഉപയോഗത്തിലൂടെ പ്രതിരോധ ശേഷിയിൽ സായുധ സേന സ്വയംപര്യാപ്തത പ്രകടമാക്കിയിട്ടുണ്ടെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ബെംഗളൂരുവിലെ DRDO ഗ്യാസ് ടർബൈൻ റിസർച്ച് സ്ഥാപനം സന്ദർശിച്ച്, സൈനികാവശ്യത്തിനായുള്ള തദ്ദേശീയ ഗ്യാസ് ടർബൈൻ എഞ്ചിൻ വികസന പുരോഗതി വിലയിരുത്തുകയായിരുന്നു അദ്ദേഹം. മാറിക്കൊണ്ടിരിക്കുന്ന ഭൗമരാഷ്ട്രീയ സാഹചര്യത്തിൽ എയ്റോ എഞ്ചിൻ സാങ്കേതികവിദ്യയിൽ സ്വയംപര്യാപ്തത

കൈവരിക്കേണ്ടതിൻറെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം സൂചിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## AMIT SHAH (INTRO)

കശ്മീരും, വടക്കുകിഴക്കൻ പ്രദേശങ്ങളും, മാവോയിസ്റ്റ് ബാധിത മേഖലകളും അക്രമത്തിൽ നിന്ന് പൂർണ്ണമായും മുക്തമാകുന്ന ദിവസം വിദൂരമല്ലെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഈ മേഖലകളിലെ അക്രമ സംഭവങ്ങളിൽ അടുത്തകാലത്തായി 80 ശതമാനം കുറവ് വന്നെന്നും അദ്ദേഹം പറഞ്ഞു . ഡൽഹി പോലീസിന്റെ 79 -ാമത് സ്ഥാപക ദിനത്തിൽ സേനാ അംഗങ്ങൾക്ക് ആശംസകൾ നേരുകയായിരുന്നു അദ്ദേഹം.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## SC-SABARIMALA

ശബരിമല യുവതി പ്രവേശന വിഷയത്തിലെ പുനഃപരിശോധനാ ഹർജികൾ ഏപ്രിൽ 7 മുതൽ സുപ്രീം കോടതിയുടെ 9 അംഗ ബെഞ്ച് വാദം കേൾക്കും. പുനഃപരിശോധനയെ പിന്തുണയ്ക്കുന്നവരുടെയും എതിർക്കുന്നവരുടെയും വാദങ്ങൾ കോടതി വിശദമായി കേൾക്കും. വാദം 22 ഓടെ പൂർത്തിയാക്കുമെന്നും കോടതി അറിയിച്ചു. 9 അംഗ ബെഞ്ചിലെ അംഗങ്ങളെ നിശ്ചയിച്ചുകൊണ്ട് ചീഫ് ജസ്റ്റിസ് ഉത്തരവ് പുറപ്പെടുവിക്കും. വിഷയത്തിൽ വിശദമായ ചർച്ചയ്ക്ക്

ശേഷമായിരിക്കും സംസ്ഥാന സർക്കാർ നിലപാട് എടുക്കുകയെന്ന് മന്ത്രി പി രാജീവ് പറഞ്ഞു.

## PREZ-Ol CHIKI

സന്താലി ഭാഷയിലെ ഓൾ ചിക്കി ലിപി സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ നടന്ന ഓൾ ചിക്കി ലിപിശതാബ്ദി ആഘോഷങ്ങളെ അഭിസംബോധനചെയ്യുകയായിരുന്നു രാഷ്ട്രപതി. യുപിഎസ്സി പരീക്ഷയിൽ ഓൾ ചിക്കി ലിപി ഉൾപ്പെടുത്താനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനത്തെയും രാഷ്ട്രപതി പ്രശംസിച്ചു.

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം.

കൂടുതൽവിവരങ്ങൾക്ക് newsonair.gov.in,

prasarbharati.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

## WELFARE PENSION

സംസ്ഥാനത്ത് ഫെബ്രുവരിയിലെ സാമൂഹ്യ സുരക്ഷ, ക്ഷേമനിധി പെൻഷനുകൾ ഈ മാസം 25 മുതൽ വിതരണം ചെയ്ത് തുടങ്ങും. ഇതിനായി 1,050 കോടി രൂപ അനുവദിച്ചതായി ധന മന്ത്രി കെ.എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 2,000 രൂപവീതം പെൻഷൻ ലഭിക്കുക.

## OP-BOYCOTT-MEDICAL COLLEGE

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ അനിശ്ചിതകാല ഒ.പി ബഹിഷ്കരണവും അധ്യാപന ബഹിഷ്കരണവും ആരംഭിച്ചു. സീനിയർ ഡോക്ടർമാർ ഒ.പിയിൽ നിന്നും വിട്ടുനിന്നു. പിജി വിദ്യാർത്ഥികളും ഹൗസ് സർജന്മാരുമാണ് ഇന്ന് രോഗികളെ പരിശോധിച്ചത്. 19 മുതൽ അടിയന്തരമല്ലാത്ത ശസ്ത്രക്രിയകളും 26 മുതൽ എല്ലാ പരീക്ഷാ ജോലികളും ബഹിഷ്കരിക്കുമെന്നും മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സംഘടനയായ കെജിഎംസിറ്റിഎ അറിയിച്ചു.

## RAMZAN

സംസ്ഥാനത്ത് റംസാൻ വ്രതാരംഭവുമായി ബന്ധപ്പെട്ട് വിവിധ ജമാ അത്തുകളിലെ ഇമാമുമാരുടെയും മഹല്ല് ഭാരവാഹികളുടെയും യോഗം നാളെ തിരുവനന്തപുരത്ത് ചേരും. വൈകുന്നേരം 6.30ന് പാളയം ജുമാ മസ്ജിദിൽ ചേരുന്ന യോഗത്തിൽ വ്രതാരംഭവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുമെന്ന് പാളയം ഇമാം വി.പി ശുഹൈബ് മൗലവി അറിയിച്ചു.

## MINORITY AFFAIRS – HAJ

ഹജ്ജ് പ്രതിനിധികൾക്കുള്ള പരിശീലന പരിപാടി ന്യൂനപക്ഷ കാര്യ മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിച്ചു. ന്യൂനപക്ഷ കാര്യ സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്തു. ഏകദേശം 1.75 ലക്ഷം ഇന്ത്യൻ തീർത്ഥാടകർ പങ്കെടുക്കുന്ന 2026-ലെ ഹജ്ജ് കർമ്മത്തിനായുള്ള തയ്യാറെടുപ്പുകളുടെ തുടക്കമായാണ് പരിപാടി നടന്നത്.

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം

22 ന്. പരിപാടിയുടെ 131-ാാം പതിപ്പാണിത്. ദൂരദര്ശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 20 വരെ അറിയിക്കാം.

## CRICKET

ഐ.സി.സി പുരുഷ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇറ്റലിക്കെതിരെ ഇംഗ്ലണ്ടിന് 24 റൺസിൻറെ വിജയം. ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് 202 റൺസ് നേടിയപ്പോൾ, ഇറ്റലി 178 റൺസിന് പുറത്താവുകയായിരുന്നു.

ഇന്ന് നടന്ന ആദ്യ മത്സരത്തിൽ യു .എ .ഇ യ്ക്ക് എതിരെ , അഫ്ഗാനിസ്ഥാൻ 5 വിക്കറ്റിന് ജയിച്ചു .

മൂന്നാം

മത്സരത്തിൽ , ഓസ്ട്രേലിയ, ശ്രീലങ്കയെ നേരിടുകയാണ്.

## SHAH-MANTHAN MEETING

കേന്ദ്ര മന്ത്രി അമിത് ഷാ നാളെ ഗുജറാത്തിലെ ഗാന്ധിനഗറിൽ സംസ്ഥാന സഹകരണ

മന്ത്രിമാരുടെ ഉന്നതതല മന്ഥന്‍ യോഗത്തിന് അധ്യക്ഷത വഹിക്കും. സംസ്ഥാനങ്ങളുടെ മികച്ച അനുഭവങ്ങള്‍ പങ്കുവെക്കുന്നതിനും, ഭാവിയിലേക്കുള്ള രൂപ രേഖ തയ്യാറാക്കുന്നതിനുമാണ് യോഗമെന്ന് സഹകരണ മന്ത്രാലയം അറിയിച്ചു.

## RAJASTHAN FACTORY FIRE

രാജസ്ഥാനിലെ ഭിവാഡിയില്‍ ഫാക്ടറിയിലുണ്ടായ തീപിടു ത്തത്തില്‍ എട്ട് പേര്‍ മരിച്ചു. ഖുഷ്ഖേര വ്യാവസായിക മേഖലയിലാണ് തീപിടുത്തം ഉണ്ടായത് . രക്ഷാപ്രവര്‍ത്തനം പുരോഗമിക്കുകയാണ്. ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രി യും ഉള്‍പ്പെടെയുള്ള പ്രമുഖര്‍ സംഭവത്തില്‍ അനുശോചനം രേഖപ്പെടുത്തി.